**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3364** **15-02-2024 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2016-17 മുതൽ നാളിതുവരെ മാവേലിക്കര മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് അനുവദിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | 2016-17 മുതൽ ഇതുവരെ മാവേലിക്കര മണ്ഡലത്തിൽ വിനോദ സഞ്ചാര വകുപ്പ് അനുവദിച്ചതും നടപ്പാക്കിയതുമായ പദ്ധതികൾ ഇവയാണ്:<br><br>1. ഡവലപ്മെന്റ് ഓഫ് ടൂറിസം ഡെസ്റ്റിനേഷൻ അറ്റ് വെട്ടിക്കോട്, ആലപ്പുഴ.<br><br>2. ഡെസ്റ്റിനേഷൻ ചലഞ്ച് - ഇരപ്പൻപാറ റയിൻബോ വാട്ടർ ഫാൾസ് ആൻഡ് ഇക്കോടൂറിസം പ്രോജക്ട്. |
| (ബി) | ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക വീതം അനുവദിച്ചുവെന്നും പദ്ധതികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ? | (ബി) | 1. ഡവലപ്മെന്റ് ഓഫ് ടൂറിസം ഡെസ്റ്റിനേഷൻ അറ്റ് വെട്ടിക്കോട് പദ്ധതിക്ക് 98,66,761 രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ ഭാഗമായ കുളത്തിനു ചുറ്റുമുള്ള കരിങ്കൽ കെട്ട് ഗ്രാമപഞ്ചായത്ത് പൂർത്തിയാക്കിയാൽ മാത്രമേ വിനോദ സഞ്ചാര വകുപ്പിന്റെ നിർമാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാനായിട്ടില്ല.<br><br>2. താമരക്കുളം ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ഡെസ്റ്റിനേഷൻ ചാലഞ്ച് പദ്ധതി പ്രകാരം നടപ്പാക്കുന്ന ഇരപ്പൻപാറ റയിൻബോ വാട്ടർ ഫാൾസ് ആൻഡ് ഇക്കോടൂറിസം പ്രോജക്ടിന് 29,31,815 രൂപയുടെ ഭരണാനുമതി ലഭിച്ചു. പദ്ധതിക്കായി 09.08.2023ൽ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കരാർ ഒപ്പുവച്ചു. പദ്ധതിയിൽ വിനോദ സഞ്ചാര വകുപ്പിന്റെ പരമാവധി വിഹിതം 17,59,089 രൂപയാണ്. പദ്ധതിക്കു സാങ്കേതികാനുമതി നേടാനുള്ള നടപടികൾ നിലവിൽ പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ